**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1773** **15-03-2022 - ൽ മറുപടിയ്ക്ക്**

**സംയോജിത ഗതാഗത സംവിധാന പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. മോൻസ് ജോസഫ്,<br>ശ്രീ. പി. ജെ. ജോസഫ്,<br>ശ്രീ. അനൂപ് ജേക്കബ് | | null<br>(ഗതാഗത വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് സംയോജിത ഗതാഗത സംവിധാന പദ്ധതിയുടെ പ്രവർത്തന പുരോഗതി വിശദമാക്കാമോ; | (എ) | സംസ്ഥാനത്ത് നടപ്പാക്കി വരുന്ന സംയോജിത ഗതാഗത പദ്ധതിയുടെ ഭാഗമായി, കൊച്ചി മെട്രോപോളിറ്റൻ ട്രാൻസ്പോർട്ട് അതോറിറ്റി, 01/11/2020-ൽ, സ്ഥാപിതമാവുകയും വിവിധ പദ്ധതികൾ ആവിഷ്ക്കരിച്ച് നടപ്പിലാക്കി വരികയും ചെയ്യുന്നു. വിവിധ ഗതാഗത സംവിധാനങ്ങളെ സാങ്കേതികമായി സംയോജിപ്പിക്കുന്നതിന് കൊച്ചി ഓപ്പൺ മൊബിലിറ്റി നെറ്റ്.വർക്ക് ആരംഭിക്കുകയും ആയതിൽ ടാക്സി തൊഴിലാളികൾക്ക് യാതൊരു വിധ കമ്മീഷനും നൽകാതെതന്നെ പ്രവർത്തിക്കുവാൻ കഴിയുന്ന ഒരു റൈഡ് ആപ്പ് പ്രവർത്തിച്ച് വരുകയും ചെയ്യുന്നു. കൂടാതെ, മെട്രോയുടെ സമയവിവരം ഇതുമായി ബന്ധിപ്പിച്ചിട്ടുണ്ട്. പാർക്കിംഗ് സംവിധാനം, ഇതര യാത്രാ മാർഗ്ഗങ്ങൾ എന്നിവയെ സംയോജിപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങളും നടത്തി വരുന്നു. ഗതാഗത നവീകരണത്തിനുള്ള വിവിധ പദ്ധതികൾ നടപ്പിലാക്കുന്നതിനുള്ള ശ്രമങ്ങൾ ആരംഭിച്ചിട്ടുണ്ട്. പദ്ധതിയുടെ പ്രാഥമിക പ്രവർത്തനങ്ങൾക്കാവശ്യമായ റെഗുലേഷനുകൾ തയ്യാറാക്കുക, വിവിധ ഗതാഗത സംവിധാനങ്ങളെ ഭൗതികമായും സാങ്കേതികമായും സംയോജിപ്പിക്കുന്നതിനായി വിവിധ തലങ്ങളിലുള്ള ബന്ധപ്പെട്ട അധികാരികളുമായി ചർച്ച സംഘടിപ്പിക്കുക എന്നിവ നടന്നു വരുന്നു. |
| (ബി) | 2020 നവംബറിൽ നിയമനിർമ്മാണം നടത്തിയിട്ടും നാളിതുവരെ ഈ പദ്ധതി നടപ്പിൽ വരുത്തുവാൻ കഴിയാത്തതിന്റെ കാരണം വിശദീകരിക്കാമോ; | (ബി) | പദ്ധതിയുടെ പ്രാഥമിക പ്രവർത്തനങ്ങൾ നടന്നുവരുന്നു. രാജ്യത്തു തന്നെ ആദ്യമായി ആരംഭിച്ച നിയമ പിൻബലമുള്ള ട്രാൻസ്പോർട്ട് അതോറിറ്റി എന്ന നിലയിൽ, പ്രവർത്തന പദ്ധതി ആവിഷ്ക്കരിക്കുന്നതിന് വിദേശ മാതൃകകൾ മാത്രമാണ് മുന്നിലുള്ളതെന്നതും, കോവിഡ് പശ്ചാത്തലവും |

| | | | |
|---|---|---|---|
| | | | പ്രവർത്തനങ്ങൾ മന്ദഗതിയിലാകുവാൻ കാരണമായിട്ടുണ്ട്. |
| (സി) | ഇതുമായി ബന്ധപ്പെട്ട് ചട്ടങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം ലഭ്യമാക്കാമോ? | (സി) | ഉണ്ട്. 2020-ലെ കേരള മെട്രോപോളിറ്റൻ ട്രാൻസ്പോർട്ട് അതോറിറ്റി ആക്റ്റിന്റെ (2019-ലെ 25) 44-ാം വകുപ്പ് (1)-ാം ഉപവകുപ്പ് പ്രകാരം, നിക്ഷിപ്തമായ അധികാരങ്ങൾ വിനിയോഗിച്ചുകൊണ്ട്, പ്രസ്തുത ആക്റ്റിലെ ആവശ്യങ്ങൾ നടപ്പിലാക്കുന്നതിനായി 2020 സെപ്റ്റംബർ 23-ൽ സ.ഉ(അച്ചടി) നം.47/2020/ ഗതാഗതം (SRO നമ്പർ 611/2020) പ്രകാരം, 2020-ലെ കേരള മെട്രോപോളിറ്റൻ ട്രാൻസ്പോർട്ട് അതോറിറ്റി ചട്ടങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ